കേരള സർക്കാർ

# കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കപ്പൂർ ഗ്രാമപഞ്ചായത്ത്

## 2016-17 വർഷത്തെ

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്.

email : dopkd.ksad@kerala.gov.in

നമ്പർ കെഎസ്എ പികെഡി 20-1815/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട് .

തീയതി. 12.10.2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

കപ്പൂർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : കപ്പൂർ ഗ്രാമപഞ്ചായത്ത് 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)കേരളാ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഇമെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്.

നമ്പർ കെഎസ്എ പികെഡി 20-1815/2017 തീയതി : 12.10.2017.

## പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-10-2016 മുതൽ 25-8-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.പി.എം.രതീഷ് കുമാർ, ഡെപ്യൂട്ടി ഡയറക്ടർ.

ഓഡിറ്റിന് വിനിയോഗിച്ച സമയം : 26-8-2017 മുതൽ 11-9-2017 വരെ

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.ആർ.പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ, |
| | ശ്രീ.വി.ഉണ്ണികൃഷ്ണൻ | അസി.ഓഡിറ്റ് ഓഫീസർ. |
| | ശ്രീ.കെ.പി.മുഹമ്മദ് ഫാറൂക്ക് | അസി.ഓഡിറ്റ് ഓഫീസർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡൻറ് :

| പേര് | കാലയളവ് |
|---|---|
| ശ്രീമതി.സിന്ധു മാവറ | 1-04-2016 മുതൽ 31-03-2017 വരെ |

സെക്രട്ടറി :

| പേര് | കാലയളവ് |
|---|---|
| ശ്രീ.കെ.എ.അബൂബക്കർ | 1-4-16 മുതൽ 15-11-16വരെ |
| ശ്രീ. ജോസ്.എം.സൈമൺ (സെക്രട്ടറി ഇൻ.ചാർജ്) | 16-11-16മുതൽ 22-12-16 വരെ |
| ശ്രീ.പി.എസ്.രാജൻ | 23-12-16 മുതൽ 31-3-16 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനീയർ | ശ്രീമതി.സുധ.എൻ.എസ് | 1-4-16 മുതൽ 7-11-16 വരെ |
| | ശ്രീ.ഷിദി.എൻ.പി | 8-11-16മുതൽ 28-12-17 വരെ |
| | ശ്രീമതി.കെ.ആർ. പ്രവിദ | 29-12-16 മുതൽ 31-3-17 വരെ |
| കൃഷി ഓഫീസർ | ശ്രീ.എൻ.കെ.അജിത് | 1-4-16മുതൽ 16-8-16 വരെ |
| | ശ്രീമതി.ജാസ്മിൻ പൂവത്തിങ്കൽ | 17-8-16 മുതൽ 31-3-17 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.എൻ.അജിതകുമാരി | 1-4-16 മുതൽ 31-3-17 വരെ |
| വി.ഇ.ഒ. | ശ്രീ.പി.ഇ.അബ്ദുൾ ജലീൽ | *1-4-16 മുതൽ 31-12-16വരെ* |
| | ശ്രീ.ഹൃജിൽ | *1-1-17 മുതൽ 31-3-17വരെ* |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.ബിജുമോൻ ജോസഫ് | *1-4-16 മുതൽ 31-3-17 വരെ* |
| മെഡിക്കൽ ഓഫീസർ (ISM) | ഡോ.പി.കെ.കൃഷ്ണദാസ് | *1-4-16 മുതൽ 31-3-17 വരെ* |
| വെറ്ററിനറി സർജൻ | ഡോ.അനിത പ്രസാദ് | *1-4-16 മുതൽ 31-3-17 വരെ* |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.പി.ബീനാകുമാരി | *1-4-16 മുതൽ 31-3-17 വരെ* |
| അസി.സെക്രട്ടറി | ശ്രീ.ജോസ്.എം.സൈമൺ | *1-4-16 മുതൽ 05-1-17 വരെ* |
| | ശ്രീ.പി.കെ.രാജേന്ദ്രൻ | *6-1-17 മുതൽ 31-1-17 വരെ* |
| | ശ്രീ.പി.ഹരി | *1-2-17 മുതൽ 31-3-17 വരെ* |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് കാലയളവിൽ ബജറ്റ് തയ്യാറാക്കിയതിന്റെയും അംഗീകരിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | അംഗീകരിച്ച തിയ്യതി/തീരുമാനം | സപ്ലിമെന്ററി ബജറ്റ് പാസ്സാക്കിയതിന്റെ വിശദാംശം |
|---|---|---|
| 2016-17 | 1/3-3-2016 | ഇല്ല |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2016 | 30-06-2017 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 2-09--2017 | അനുബന്ധം 1 ആയിച്ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2016-17 | 7149615 | 41104435 | 48254050 | 39029157 | 9224893 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻ ബാക്കി | തൻവർഷ അലോട്ട് മെന്റ് | ആകെ | ചെലവ് | വിനിയോ ഗിക്കാത്ത തുക | നീക്കി യിരിപ്പ് | ചെലവു ശത മാനം |
|---|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 0 | 10468389 | 10468389 | 6880600 | 3587789 | 0 | 65.72 |
| വികസനഫണ്ട് എസ്.സി.പി. | | 0 | 7440210 | 7440210 | 3471592 | 3968618 | 0 | 46.65 |
| സംരക്ഷണഗ്രാന്റ് റോഡ്(റോഡ്) | | 0 | 6926466 | 6926466 | 4711484 | 2214982 | 0 | 68.02 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | | 0 | 2875200 | 2875200 | 596900 | 2278300 | 0 | 20.76 |
| KLSGDP | central | 0 | 3268743 | 3268743 | 1049000 | 2219743 | 0 | |
| | State | 0 | 808046 | 808046 | 0 | 808046 | 0 | |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 5871141 | 5871141 | 3430002 | 2441139 | 0 | 5.84 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 4315823 | 8716147 | 13031970 | 5729425 | 0 | 7302545 | 43.96 |
| MGNREGS | | 0 | 11708175 | 11708175 | 11708175 | 0 | 1000 | 99.99 |
| ബി ഫണ്ട് | | 0 | 142080 | 142080 | 142080 | 0 | 0 | 100 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശത മാനം |
|---|---|---|---|---|---|---|---|
| 2016-17 | 278 | 57213719 | 157 | 24259555 | nil | 121 | 56.47 |

നിർവ്വഹണോദ്യോഗസ്ഥർ തിരിച്ചുള്ള പദ്ധതികളുടെ ചെലവു വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി | നടപ്പാ | ആകെ അടങ്കൽ | ചെലവഴിച്ച | ചെലവ് % |
|---|---|---|---|---|---|

| | കളുടെ എണ്ണം | ക്കിയത് | തുക | തുക | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 2773832 | 1678188 | 60.50 |
| വെറ്ററിനറിസർജൻ | 9 | 3 | 2619800 | 167667 | 6.39 |
| മെഡിക്കൽ ഓഫീസർ PHC | 5 | 5 | 678481 | 566641 | 83.50 |
| മെഡിക്കൽ ഓഫീസർ ISM | 3 | 3 | 477000 | 361500 | 75.79 |
| വി.ഇ.ഒ | 8 | 6 | 2256800 | 1536700 | 68.09 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 6 | 4565400 | 4390214 | 96.16 |
| സെക്രട്ടറി | 19 | 10 | 2329579 | 815740 | 35.01 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 203 | 104 | 36881617 | 11979395 | 32.48 |
| ഹെഡ് മിസ്ട്രസ് | 5 | 5 | 480000 | 467000 | 97.29 |
| അസി.സെക്രട്ടറി | 11 | 6 | 4151210 | 2296510 | 55.32 |
| ആകെ | 278 | 157 | 57213719 | 24259555 | 42.40 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ്/ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വർദ്ധനവ് | വർദ്ധനവ് ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 3977027 | 5270955 | 1293928 | (+)32.53 |
| നികുതിയേതര വരവുകൾ | 330434 | 496947 | 166513 | (+)50.39 |
| മറ്റുവരവുകൾ | 124651 | 130289 | 5638 | (+)4.52 |
| ആകെ | 4432112 | 5898191 | 1466079 | (+)33.07 |

## 1-8 ക്ഷേമപദ്ധതികൾ

ഓഡിററ് കാലയളവിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ | പദ്ധതി | 2016-17 ൽ | നിശ്ചിത | തീരുമാനമെടുത്തവയിൽ |
|---|---|---|---|---|

| നം. | | ലഭിച്ച അപേക്ഷ കൾ | ദിവസ ത്തിനകം തീരുമാന മെടുത്തവ | നിരസി ച്ചവ | കാല താമസ ത്തിന്റെ കാരണം |
|---|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 5 | 5 | nil | --- |
| 2 | തൊഴിൽ രഹിത വേതനം | 0 | 0 | nil | --- |
| 3 | വിധവാ പെൻഷൻ | 121 | 121 | 11 | --- |
| 4 | വികലാംഗ പെൻഷൻ | 27 | 27 | nil | --- |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1 | 1 | nil | --- |
| 6 | വാർദ്ധക്യകാല പെൻഷൻ | 454 | 454 | 28 | --- |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7-9-2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2597/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ട്. വിവിധ ഡെപ്പോസിറ്റുകളുടെ വർഷം തിരിച്ച കണക്കുകൾ രേഖപ്പെടുത്തിയിട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സോഷ്യൽ മോണിറ്ററിംങ് കമ്മിററി രൂപീകരിച്ചിട്ടില്ല. രജിസ്റ്ററിൽ വിശദാംശങ്ങൾ പൂർണ്ണമായും ചേർത്തിട്ടില്ല.

പഞ്ചായത്ത് ഫണ്ടിൽനിന്നുള്ള അസാധാരണ ചെലവുകൾ 2011-ലെ കേരളാ പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ പ്രകാരമല്ല നടത്തുന്നത്. കൂടാതെ ചട്ടം 5 അനുസരിച്ചുള്ള അസാധാരണ ചെലവ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിൽ പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്

# 1-11 ദുരിതാശ്വാസനിധി

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനയോഗവും)

ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിതനിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട്. ഈ ഇനത്തിൽ തൻവർഷം വരവൊന്നുമില്ല. 7533 രൂപ (സർവ്വീസ് സഹകരണബാങ്ക്,കുമരനല്ലൂർ ac/- no.4287)നീക്കിയിരിപ്പുണ്ട്. തൻവർഷം ഈ ഇനത്തിൽ ചെലവൊന്നും നടന്നിട്ടില്ല. ദുരിതാശ്വാസനിധി വിനിയോഗം കാര്യക്ഷമമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശ ങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 16-08-17 | 7/17 | ലഭിച്ചിട്ടില്ല | --- |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 13-3-2009 മുതൽ 18-3-2009 വരെ | 1997-98 മുതൽ 1999-2000 വരെ | 25-04-09 | റിപ്പോർട്ട് തീർപ്പാക്കി |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി ഡിമാന്റ്-അരിയർ ഡിമാന്റ് തുകകൾ വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി

## പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകൾ

| കളക്ഷൻ | | ബാലൻസ് | |
|---|---|---|---|
| കുടിശ്ശിക | തൻവർഷം നികുതി | കുടിശ്ശിക | നികുതി |
| 1986588 | 2209450 | 3721152 | 2521398 |

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള കണക്കുകൾ

| കളക്ഷൻ | | ബാലൻസ് | |
|---|---|---|---|
| കുടിശ്ശിക | നികുതി | കുടിശ്ശിക | നികുതി |
| 2081856 | 2023860 | 2361184 | 4068567 |

വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യത രജിസ്റ്ററുകളുമായി പൊരുത്തപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2016-17 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതാഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതിയും, ജീവനക്കാരുടെ തൊഴിൽ നികുതിയും നിർണ്ണയിക്കുകയോ ഈടാക്കുകയോ ചെയ്തതായികാണുന്നില്ല.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | ബി.എസ്.എൻ.എൽ, കപ്പൂർ. | I& II അർധ വർഷങ്ങൾ<br>(സ്ഥാപന തൊഴിൽ നികുതി) |
| 2 | കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാവേലി സ്റ്റോർ, കമ്പിടി | ടി |
| 3 | കെ.എസ്.ഇ.ബി. ഓഫീസ് പടിഞ്ഞാറങ്ങാടി | ടി |
| 4 | കുമരനെല്ലൂർ സർവീസ് സഹകരണ ബാങ്ക്, പടിഞ്ഞാറങ്ങാടി ( സായാഹ്ന ശാഖ) | I& II അർധ വർഷങ്ങൾ<br>(ജീവനക്കാരുടെയും, സ്ഥാപനത്തിന്റേയും തൊഴിൽ നികുതി) |
| 5 | കുമരനെല്ലൂർ സർവീസ് സഹകരണ ബാങ്ക്,<br>കുമരനെല്ലൂർ. | I& II അർധ വർഷങ്ങൾ<br>(സ്ഥാപന തൊഴിൽ നികുതി) |
| 6 | കുമരനെല്ലൂർ സർവീസ് സഹകരണ ബാങ്ക്, | I& II അർധ വർഷങ്ങൾ |

| | | |
|---|---|---|
| | കൊഴിക്കര ശാഖ | (ജീവനക്കാരുടെയും, സ്ഥാപനത്തിന്റേയും തൊഴിൽ നികുതി) |

മേൽ പറഞ്ഞ സ്ഥാപനങ്ങൾക്ക്, നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ തെളിവ് സഹിതം ഓഡിറ്റിന് ഹാജരാക്കേണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നമ്പർ 6/ 11.9.17) മറുപടി സമർപ്പിച്ചില്ല.

ആയതിനാൽ മേൽ പറഞ്ഞ സ്ഥാപനങ്ങളിൾക്ക് ചട്ട പ്രകാരം നോട്ടീസ് നൽകി തൊഴിൽ നികുതി റിട്ടേൺ സ്വീകരിച്ച്, നികുതി നിർണ്ണയിച്ച് ഈടാക്കി വിവരം തെളിവ് സഹിതം ഓഡിറ്റിനു സമർപ്പിക്കേണ്ടതാണ്.

## 2-3 മൊബൈൽടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പെർമിറ്റുള്ള രണ്ട് മൊബൈൽ ടവറുകളുടെ 2013-14 മുതൽ 2017-18 വരെയുള്ള അർദ്ധവർഷങ്ങളിലെ കെട്ടിട നികുതി കുടിശ്ശിക താഴെ ചേർക്കുന്നു. ടി തുകകൾ പിരിച്ചെടുക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പേര് | കെട്ടിടനമ്പർ വാർഡ് നമ്പർ | ഏത് വർഷത്തേക്ക് | തുക | ഡിമാൻഡ് നമ്പർ തിയതി |
|---|---|---|---|---|
| ശ്രീ കലന്തൻകുട്ടി, വീട്ടിൽ വളപ്പിൽ | 392/10 | 2013-14,2014-15, 2015-16,2016-17, 2017-18 | 17955*10 (അർദ്ധവർഷം)= 179550 | 8522/16-1-2017 |
| ഭാരതി ഇൻഫ്രാടെൽ ക്ലിപ്തം | 55/8 | - - | 3190*10= 31900 | 2315/4-8-2017 |
| | | ആകെ | 211450 | |

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും ) ചട്ടങ്ങളിലെ ചട്ടം 14(1) പ്രകാരം വസ്തുനികുതി ഡിമാൻഡ് ചെയ്തു കൊണ്ടുള്ള നോട്ടീസ് പ്രകാരം നികുതി ഒടുക്കിയില്ലെങ്കിൽ ചട്ടം 15 പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നികുതി ഈടാക്കി വിവരം ഈ ഓഫീസിനെ അറിയിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ച പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തേണ്ടതും അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളിൽനിന്ന് പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കാൻ അടിയന്തിര നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-4 പാരാ-മെഡിക്കൽ രജിസ്ട്രേഷൻ- താഴെ പറയുന്ന സ്ഥാപനങ്ങൾ രജിസ്റ്റർചെയ്തിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 269, 269 A,B,C,D, 270 ,271, 1997-ലെ കേരളാ പഞ്ചായത്ത് രാജ് ( സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാ- മെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ചട്ടങ്ങൾ - 3,4,5 ,6,7,8 എന്നിവ പ്രകാരം സ്വകാര്യ ആശുപത്രികളും,പാരാമെഡിക്കൽ സ്ഥാപനങ്ങളും തദ്ദേശ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കാൻ പാടുള്ളതല്ല. എന്നാൽ കപ്പൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും ഡി &ഒ ലൈസൻസെടുത്തതുമായ 3 സ്ഥാപനങ്ങൾ മേൽ പറഞ്ഞ നിയമവും ചട്ടങ്ങളും അനുശാസിക്കും വിധം രജിസ്റ്റർ ചെയ്തിട്ടില്ല. ഇത്തരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്മേൽ 5000 രൂപ വരെ ആകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും 500രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും ചുമത്താവുന്നതാണെന്ന വ്യവസ്ഥയും പാലിക്കപ്പെട്ടതായി കാണുന്നില്ല. സ്ഥാപനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഉടമസ്ഥന്റെ പേരും വിലാസവും |
|---|---|---|
| 1 | ശാന്തി ലാബ് | ശ്രീമതി പ്രീത ബാബു,<br>ലക്ഷ്മി നിവാസ്,<br>വെള്ളാളൂർ,<br>കുമരനെല്ലൂർ |
| 2 | ഷോണ ലാബ് | ശ്രീ ഭാസ്കരൻ ,<br>കാക്കപ്പുള്ളി വീട്, |

| | | |
|---|---|---|
| | | കപ്പൂർ |
| 3 | എം.ജി. ക്ലിനിക്ക് | ശ്രീ അബ്ദുൽ റഹ്മാൻ,<br>വട്ടേക്കാടത്ത് വളപ്പിൽ വീട്,<br>പെരുമുക്ക്, ആലംകോട്,<br>മലപ്പുറം ജില്ല |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 269, 269 A,B,C,D, 270 ,271, 1997-ലെ കേരളാ പഞ്ചായത്ത് രാജ് ( സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാ- മെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ - 3,4,5 ,6,7,8 എന്നിവ പ്രകാരം മേൽ പറഞ്ഞ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിനു സമർപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ( നമ്പർ 7/11.9.17) ത്തിന് മറുപടി സമർപ്പിച്ചില്ല.

എല്ലാ സ്ഥാപനങ്ങളും പാരാ-മെഡിക്കൽ രജിസ്ട്രേഷൻ ചട്ടങ്ങളനുസരിച്ച് രജിസ്റ്റർ ചെയ്ത് മാത്രമേ പ്രവർത്തിക്കുന്നുള്ളൂ എന്നുറപ്പ് വരുത്തേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എസ്.സി . വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം- കുറഞ്ഞ നിരക്കിലുള്ള ടെൻഡർ സ്വീകരിക്കാത്തതിനാൽ നഷ്ടം- 38310 രൂപ -തിരികെ ഈടാക്കണം.

2016-17 സാമ്പത്തിക വർഷത്തിൽ അസി. സെക്രട്ടറി നടപ്പിലാക്കിയ എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം എന്ന പ്രൊജക്റ്റിന്റെ നിർവ്വഹണവുമായി

ബന്ധപ്പെട്ട് ലഭിച്ച ടെൻഡറുകളിൽ കൂടിയ നിരക്ക് രേഖപ്പെടുത്തിയത് സ്വീകരിക്കുക വഴി പൊതു ഫണ്ടിന് 38310 രൂപ നഷ്ടമായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

I. പ്രൊജക്റ്റ്

പ്രൊജ. പേര് എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം (നമ്പർ 153/17)

അടങ്കൽ 304000 ( എസ്.സി.പി. വികസന ഫണ്ട്)+1000 ( തനത് ഫണ്ട്) = ആകെ 305000 രൂപ

ചെലവ് -251600 (ബിൽ നം. 4/16-17 തീ. 28.3.17)

9000 ( ബിൽ നം.6/16-17 തീ. 31.3.17)

ആകെ 260600 രൂപ

സൈക്കിൾ വിതരണം ചെയ്ത സ്ഥാപനം --സഫാരി ട്രേഡിംഗ് കമ്പനി, ഈസ്റ്റ് കോഡൂർ,ചകിരി മിൽ, മലപ്പുറം.

തുക നൽകിയത് സംബന്ധിച്ച വിശദാംശങ്ങൾ- ബാങ്ക് അക്കൗണ്ട് നമ്പർ -6320423123

ഇൻവോയ്സ് / ക്യാഷ്/ ക്രെഡിറ്റ് നം. 70/ 23.3.17

തുക- 251600 രൂപ- ( ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകിയ തീയ്യതി- 28.3.17)

ഇൻവോയ്സ് / ക്യാഷ്/ ക്രെഡിറ്റ് നം. 74/ 27.3.17 -

തുക- 9000 രൂപ (ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകിയ തീയ്യതി- 31.3.17)

മേൽ പറഞ്ഞ പ്രൊജക്റ്റ് പ്രകാരം 07.2. 17-ലെ ദേശാഭിമാനി ദിനപത്രത്തിൽ പരസ്യം നൽകിയത് പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾ ടെൻഡർ സമർപ്പിച്ചു.

| ക്രമനം | ടെൻഡർ സമർപ്പിച്ച സ്ഥാപനത്തിന്റെ പേര് | ക്വാട്ട്ചെയ്ത ഏറ്റവും കുറവ് തുക | സൈക്കിൾ ഇനവും വിലയും |
|---|---|---|---|
| 1 | മുരളി സൈക്കിൾ മാർട്ട് ,<br>കരുനാഗപ്പള്ളി, കൊല്ലം. | ലേഡീസ് സൈക്കിൾ- | (1) Hero Miss India velvet<br>26(T)-Rs.3896.00<br>(2) BSA- lady bird for girls<br>26(T)-Rs.4182.00<br>(3) DNS VIVA for girls 26(T) |

| | | | |
|---|---|---|---|
| | | | Rs.3768.00<br>(4) Vstar Daisy for girls 26(T)<br>Rs.3710.00<br>(5)Divene DXLADY for girls (26T)-<br>Rs.3650.00 |
| | | ബോയ്സ് സൈക്കിൾ- | (1)Hero Nitro integra 26(T)-<br>Rs.3784.00<br>(2) BSA Hercules Rockey for Boys-(26T)-<br>Rs.3895.00<br>(3)DNS Contra for<br>Boys(26T) 3698/-<br>(4) Vstar “ Force” for Boys<br>(<br>26T)-Rs.3650.00<br>(5) Divine MTBDX for Boys<br>Rs.3590.00 |

| | | | |
|---|---|---|---|
| 2 | രാജ് മാർക്കറ്റിംഗ്, മെയിൻ റോഡ്<br>കരുനാഗപ്പള്ളി, കൊല്ലം | ലേഡീസ് സൈക്കിൾ- | (1) HeroMiss India velvet for<br>(26T)girls- Rs.3920.00<br>(2) BSA – Lady Bird for Girls<br>(26T)-Rs.4210.00<br>(3) DNS Viva for girls (26T)<br>Rs.3865.00<br>(4) Divene DXLADY for girls<br>(26T)-Rs.3725.00<br>(5) Vstar Daisy for girls<br>(26T) Rs.3766.00 |
| | | ബോയ്സ്<br>സൈക്കിൾ | (1) Hero Nitro integra 26(T)-<br>Rs.3896.00<br>(2) BSA Hercules Rockey for<br>Boys- (26T)- Rs.3999.00<br>(3) DNS Contra for<br>Boys(26T) Rs.3748.00<br>(4) Vstar " Force" for Boys<br>( 26T)-Rs.3725.00<br>(5) Divine MTBDX |

| | | | |
|---|---|---|---|
| | | | for Boys<br>Rs.3650.00 |
| 3 | സഫാരി ട്രേഡിംഗ് കമ്പനി,മലപ്പുറം | ബോയ്സ് സൈക്കിൾ- | (1)Hero Nitro integra 26(T)-Rs.3730.00<br>(2)Avon Boom 26(T)<br>Rs.4100.00<br>(3)Diole Hindone Blaze 26(T)<br>Rs.3725.00<br>(4)Hero street racer 26(T)-Rs.4400.00 |
| | | ഗേൾസ് സൈക്കിൾ- | (1)Hero Miss India velvet 26(T)-Rs.3840.00<br>(2) Avon Lady Oma 26(T)<br>(3)Diole Hindone Ladies 26(T)<br>Rs.3760.00<br>(4) Hero Miss India Gold 26(T)-Rs.4600.00 |

മേൽ പറഞ്ഞ 3 സ്ഥാപനങ്ങളിൽ, ഗേൾസ് & ബോയ്സ് സൈക്കിളുകൾക്ക് ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്ത സഫാരി ട്രേഡിംഗ് കമ്പനി എന്ന സ്ഥാപനത്തിന്റെ ടെൻഡറാണ്പഞ്ചായത്ത് സ്വീകരിച്ചത്. അത് താഴെ പറയും പ്രകാരമാണ്.

(1) ബോയ്സ് സൈക്കിൾ- Hero street racer 26(T)- 4400/-

(2) ഗേൾസ് സൈക്കിൾ - Hero Miss India Gold 26(T)- 4600/-

# 23.02.17-ന് ചേർന്ന സാധന-സേവന സംഭരണക്കമ്മറ്റി യോഗം ഈ തീരുമാനത്തിന് അംഗീകാരം നൽകിയിട്ടുണ്ട്.

# 4.3.17 ലെ പഞ്ചായത്ത് ഭരണ സമിതിയുടെ 3(2) നമ്പർ തീരുമാനം ഇതിന് അംഗീകാരം നൽകിയിട്ടുണ്ട്.
വിലക്കുറവും ഗുണമേൻമയും വാറന്റിയും പരിഗണിച്ചാണ് മേൽ പറഞ്ഞ ഇനങ്ങൾ തെരഞ്ഞെടുക്കാൻ കാരണമെന്ന് പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിൽ പറയുന്നുണ്ടെങ്കിലും ഗുണമേൻമ സംബന്ധിച്ച ആധികാരികമായ രേഖകളൊന്നും തന്നെ സമർപ്പിച്ചിട്ടില്ല. ക്വാട്ട് ചെയ്യപ്പെട്ട ഏറ്റവും കൂടിയ നിരക്കിലുള്ള സൈക്കിൾ ആണ് വാങ്ങിയിരിക്കുന്നത്.

മേൽപറഞ്ഞ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 17.3.17, 24.3.17 എന്നീ തീയ്യതികളിലെ A2/52/16a നമ്പർ കത്തുകൾ പ്രകാരം 31 ബോയ്സ് സൈക്കിളും, 27 ഗേൾസ് സൈക്കിളും വിതരണം ചെയ്യാൻ സഫാരി ട്രേഡിംഗ് കമ്പനിക്ക് ഓർഡർ നൽകി.
ടെൻഡർ സ്വീകരിക്കപ്പെട്ട സഫാരി ട്രേഡിംഗ് കമ്പനി, ബോയ്സ് സൈക്കിൾ യൂണിറ്റൊന്നിന് 4380 രൂപ നിരക്കിലും ,ഗേൾസ് സൈക്കിൾ 4190 രൂപ നിരക്കിലും സപ്ലൈ ചെയ്തു. എന്നാൽ മുരളി സൈക്കിൾ മാർട്ട് ,കരുനാഗപ്പള്ളി, കൊല്ലം എന്ന സ്ഥാപനം ക്വാട്ട് ചെയ്ത ഏറ്റവും കുറഞ്ഞനിരക്കുകളേക്കാൾ (ബോയ്സ്-3650/-ഗേൾസ്- 3590/- )അധികമാണ് ഈ തുക എന്നതിനാൽ പൊതു ഫണ്ടിന് 38310/-രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ പ്രകാരം , 3 സ്ഥാപനങ്ങളിൽ ക്വാട്ട് ചെയ്യപ്പെട്ട ഏറ്റവും കുറവ് തുകയും സൈക്കിൾ സപ്ലൈ ചെയ്ത സ്ഥാപനം ഈടാക്കിയ തുകയും തമ്മിലുള്ള വ്യത്യാസം താഴെ പറയുന്നു.

| ക്രമനം | കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപന ത്തിന്റെ പേര് | ക്വാട്ട് ചെയ്ത കുറഞ്ഞവില (യൂണിറ്റ്) | സഫാരി ട്രേഡേഴ്സിൽ നിന്നും വാങ്ങിയ സൈക്കിളിന്റെ നിരക്ക് | കുറഞ്ഞ ക്വട്ടേഷൻ തുകയും, ചെലവഴിച്ച തുകയും തമ്മിലുള്ള യൂണിറ്റ് വ്യത്യാസം | ആകെ വ്യത്യാസം (വില വ്യത്യാസം xഎണ്ണം) |
|---|---|---|---|---|---|
| 1 | *മുരളി സൈക്കിൾ മാർട്ട്,* | ലേഡീസ് സൈക്കിൾ Divene | ലേഡീസ് സൈക്കിൾ- (27എണ്ണം) | 4380-3650 = 730 | 730 x27 = 19710 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | DXLADY for girls (26T)- 3650/- | Hero Miss India Gold 26(T)- 4380/- | | | | |
| | കരുനാഗപ്പള്ളി, കൊല്ലം. | ബോയ്സ് സൈക്കിൾ Divine MTBDX for Boys 3590/- | ബോയ്സ് സൈക്കിൾ Hero street racer 26(T)- 4190/- | 4190-3590 = 600 | 600x31 =18600 | | |
| | | | | | | ആകെ നഷ്ടം | 38310/- |

കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ പ്രകാരമുള്ള സൈക്കിളുകൾ വാങ്ങാതെ കൂടിയ നിരക്കിന് വാങ്ങിയതിനാൽ വന്ന അധിക ചെലവ് 38310 രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് പിഴ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രവൃത്തികൾ എഗ്രിമെൻറിൽ നിർദ്ദേശിച്ചിരുന്ന കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ സമയം കൂടുതൽ ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരൻ കരാർ കാലാവധിയ്ക്കുള്ളിൽ അപേക്ഷ നൽകുന്നപക്ഷം നിയമാനുസൃതമായ പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. എന്നാൽ മരാമത്തു പ്രവൃത്തികളുടെ പൂർത്തീകരണകാലാവധി അനുവദിക്കപ്പെട്ട കാലാവധിയിൽ അധികരിച്ചിട്ടുണ്ടെങ്കിലും നിയമാനുസൃതമായ പിഴ ഈടാക്കാതെ കരാറുകാരന് തുക അനുവദിച്ചത് ക്രമപ്രകാരമല്ല. ആയതിനാൽ പ്രസ്തുത കരാറുകാരിൽനിന്നും ആദ്യത്തെ മൂന്നു മാസത്തിന് 1%, അടുത്ത ഓരോ മൂന്നു മാസത്തിനും 2% എന്ന നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

1)പ്രവൃത്തി :പുത്തൻ പീടികയിൽ-കച്ചേരിപ്പറമ്പ് റോഡ് കോൺക്രീറ്റിംങ്

പ്രോജക്ട് നം: So 65/17

അടങ്കൽ : 100000/-

പി.എ.സി. : 99272/-

കരാറുകാരൻ : എം.വാസുദേവൻ

എം. ബുക്ക് നം. : 264/15-16

ബിൽ.നം. 9/16-2-17 തുക-100000/-

എഗ്രിമെന്റ് തീയതി : 3-3-2016

പൂർത്തീകരിക്കേണ്ട തീയതി : 31.03.2016

പിഴകൂടാതെയുള്ള ദീർഘീകരണം : ഇല്ല

പൂർത്തീകരിച്ച തീയതി : 7-12-2016

ഈടാക്കേണ്ട പിഴ :
1.04.16മുതൽ 06-4-16 വരെ ഗ്രേസ് പീരീഡ്
17.04.16മുതൽ 06-7-16 വരെ: 99272 x1%=1000(Minimum)

6-7-16 മുതൽ 05-10-16 വരെ -99272 x2%=1985

6-10-16മുതൽ 6-12-16 വരെ-99272x2%x60/90=1324

ഈടാക്കിയ പിഴ : 0

ഈടാക്കാൻ ബാക്കി പിഴ : =4309

2)പ്രവൃത്തി :മാരായംകുന്ന്-PMC റോഡ് കോൺക്രീറ്റിംങ്

പ്രോജക്ട് നം: So 117/16

അടങ്കൽ : 100000/-

പി.എ.സി. : 99272/-

കരാറുകാരൻ : എം.സുബ്രഹ്മണ്യൻ

എം. ബുക്ക് നം. : 249/15-16

ബിൽ നം.4/27-1-17

എഗ്രിമെന്റ് തീയതി : 10-3-2016

പൂർത്തീകരിക്കേണ്ട തീയതി : 31.03.2016

പിഴകൂടാതെയുള്ള ദീർഘീകരണം : ഇല്ല

പൂർത്തീകരിച്ച തീയതി : 3-12-2016

ഈടാക്കേണ്ട പിഴ :

1.04.16മുതൽ 05-4-16 വരെ ഗ്രേസ് പീരീഡ്
05.04.16മുതൽ 04-7-16 വരെ: 99272 x1%=1000(Minimum)

5-7-16 മുതൽ 04-10-16 വരെ -99272 x2%=1985

5-10-16മുതൽ 2-12-16 വരെ-99272x2%x60/90=1324

ഈടാക്കിയ പിഴ : 0

ഈടാക്കാൻ ബാക്കി പിഴ : =4309

3)പ്രവൃത്തി :മാണിക്യംകുളംറോഡ് കോൺക്രീറ്റിംങ്

പ്രോജക്റ്റ് നം: So 80/16

അടങ്കൽ : 200000/-

പി.എ.സി. : 199306/-

കരാറുകാരൻ : മുഹമ്മദ് അലി ഷിജു

എം. ബുക്ക് നം. : 47/15
ബിൽ നം.3/27-1-17

എഗ്രിമെന്റ് തീയതി : 19-9-2015

പൂർത്തീകരിക്കേണ്ട തീയതി : 31.03.2016

പിഴകൂടാതെയുള്ള ദീർഘീകരണം : ഇല്ല

പൂർത്തീകരിച്ച തീയതി : 25-8-2016

ഈടാക്കേണ്ട പിഴ :
1.04.16മുതൽ 09-5-16 വരെ ഗ്രേസ് പീരീഡ്

10.05.16മുതൽ 09-8-16 വരെ:199306 x1%=1993

10.08.16മുതൽ 24-8-16വരെ: 199306 x2%x14/90 =620

ആകെ : 2613

ഈടാക്കിയ പിഴ : 0

ഈടാക്കാൻ ബാക്കി പിഴ : 2613

മേൽപറഞ്ഞ മൂന്ന് പ്രവൃത്തികളിൽ നിന്നുമായി ആകെ ഈടാക്കേണ്ടിയിരുന്ന തുക 11231 രൂപ (4309+4309+2613) കരാറുകാരനിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി തനതുഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-3 കുടിവെള്ള പദ്ധതികളുടെ ആസൂത്രണത്തിൽ പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

സ.ഉ(എം.എസ്)നം.362/2013/ത.സ്വ.ഭ.വ തിയതി 16-11-2013 പ്രകാരം പുറപ്പെടുവിച്ച ആസൂത്രണ മാർഗ്ഗരേഖയിലെ ഖണ്ഡിക 11.13.xi.ഡി പ്രകാരം കുടിവെള്ള പ്രൊജക്റ്റ്

തയ്യാറാക്കുമ്പോൾ ഗുണഭോക്താക്കൾക്ക് കുടിവെള്ളം കിട്ടുന്നതിന് എന്തെല്ലാം പ്രവൃത്തികൾ ആവശ്യമാണോ അവയെല്ലാം ഒരു പ്രൊജക്റ്റിൽ ഉൾപ്പെടുത്തിയിക്കണം. ഭാഗികമായ ഇനങ്ങൾ മാത്രം ഉൾപ്പെടുത്തി പ്രൊജക്റ്റ് ആവിഷ്കരിക്കുവാൻ പാടില്ല. മോട്ടോർ സ്ഥാപിക്കൽ, പമ്പ്ഹൗസ്, പൈപ്പ് ലൈൻ, ടാപ്പുകൾ, വൈദ്യുതി കണക്ഷൻ തുടങ്ങിയ ഇനങ്ങൾ ഒഴിവാക്കി കുഴൽകിണർ മാത്രം കുഴിക്കുവാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ഒഴിവാക്കേണ്ടതാണ്.

ഭാഗിക ഇനങ്ങൾ മാത്രം ഉൾപ്പെടുത്തിയ പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | പ്രൊജക്റ്റ് | ചെലവ് | ബിൽ നം. / തിയതി |
|---|---|---|---|
| 1 | 372/16- കരോട്ടു പറമ്പ് മിനി കുടി വെള്ള പദ്ധതി<br>എം.ബുക്ക്.നം.311/16-17 കരാറുകാരൻ-എം.സുബ്രഹ്മണ്യൻ | 100000 | 73/30-3-17<br>തുക-100000 |

ഭാഗികമായ ഇനങ്ങൾ മാത്രം ഉൾപ്പെടുത്തി കുടിവെള്ള പദ്ധതികൾ ആവിഷ്കരിക്കുന്നത് ഒഴിവാക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച പദ്ധതി പൂർത്തീകരിക്കുന്നതിനായി തുടർ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

## 3-4 എസ്.സി. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ- പ്ലാസ്റ്റിക് കസേരകളുടെ വിതരണം - ചെലവു തുക 55500 രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു.

പ്രൊജക്റ്റ് നമ്പർ :298/17

നിർവ്വഹണം അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജ. പേര് : എസ്.സി. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ

അടങ്കൽ : 496000 ( എസ്.സി.പി. വികസന ഫണ്ട്)

ആകെ: 496000 രൂപ

ചെലവ് :416250 (ബിൽ നം. 5/16-17 തീ. 31.3.17)

ആകെ :416250 രൂപ( നികുതി -52712.88 രൂപ ഉൾപ്പെടെ)

ഫർണിച്ചർ വിതരണം ചെയ്ത സ്ഥാപനം: രാജധാനി ഏജൻസീസ്, ചെർപുളശ്ശേരി (ഇൻവോയ്സ് നമ്പർ 566 തീ.24.3.17- ബാങ്ക് അക്കൗണ്ട് നം 673621916 ( SBT ചെർപുളശ്ശേരി)

ടെൻഡർ നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷം ഏറ്റവും കുറഞ്ഞ നിരക്ക് കാണിച്ച രാജധാനി ഏജൻസീസ്, ചെർപുളശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയും പ്രകാരം സ്റ്റീൽ മേശയും പ്ലാസ്റ്റിക്ക് കസേരയും വാങ്ങി തെരഞ്ഞെടുക്കപ്പെട്ട 111 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

(1) മേശ- ( Wooden Top 18mm ISO certified neatly wooden Beading – 16 guage Powder Coated Table ( Five years
Guarentee)
യൂണിറ്റ് വില 3250/-( 14.5 % നികുതി ഉൾപ്പെടെ)-
ആകെ വില 360750 (3250x111)
(2) കസേര- ( Net rew Arm chair ISI certified)
യൂണിറ്റ് വില- 500 രൂപ ( 14.5 % നികുതി ഉൾപ്പെടെ)
ആകെ വില 500x 111= 55500 രൂപ
മൊത്തം ചെലവ് – 416250/-

ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കിയ ശേഷം ഏറ്റവും കുറഞ്ഞ നിരക്ക് കാണിച്ച രാജധാനി ഏജൻസീസ്, ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയും പ്രകാരം സ്റ്റീൽ മേശയും പ്ലാസ്റ്റിക കസേരയും വാങ്ങി തെരഞ്ഞെടുക്കപ്പെട്ട 111 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

മേശ- ( Wooden Top 18mm – 16 guage Powder Coated)
യൂണിറ്റ് വില 3250.00
ആകെ വില 360750.00

അപാകതകൾ

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി -സ.ഉ. (എം.എസ്) നം 4/2016 ത.സ്വ.ഭ.വ തീ. 11.1.16 – അനുബന്ധം -15- തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗ രേഖ- ഖണ്ഡിക 6.8 -ക്രമനം.4 പ്രകാരം പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റീൽ ,മരം എന്നിവയിൽ നിർമിച്ച ഫർണ്ണിച്ചറുകളാണ് നൽകേണ്ടത്. എന്നാൽ ഈ പ്രൊജക്ട് പ്രകാരം, പദ്ധതി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി, പ്ലാസ്റ്റിക് കസേരകളാണ് വിതരണം ചെയ്തിട്ടുള്ളത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നമ്പർ3/30.8.17)നിർവ്വഹണോദ്യോഗസ്ഥൻ സമർപ്പിച്ച മറുപടിയിൽ,താഴെപറയുന്ന കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.
അനുവദിക്കപ്പെടുന്ന യൂണിറ്റ് തുകയായ 4000 രൂപയിൽ, സ്റ്റീൽ /മരം ഫർണ്ണിച്ചറുകൾ വാങ്ങുന്നത് അപ്രായോഗികമായതിനാലാണ് ഗുണ മേന്മയുള്ള ഫൈബർ കസേരകൾ വാങ്ങിയത്. പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം നിഷേധിക്കപ്പെടാതിരിക്കാനാണ് പഞ്ചായത്ത് ഭരണ സമിതി തീരുമാന പ്രകാരം ഫൈബർ കസേരകൾ വാങ്ങിനൽകിയത് .എന്നാൽ ഫൈബർ ഉൽപ്പന്നങ്ങൾ, മരം/സ്റ്റീൽ ഉൽപ്പന്നങ്ങളെ അപേക്ഷിച്ച് ഈടും ആയുസ്സും വളരെ കുറവായതിനാലാണ് സ്റ്റീൽ / മരം എന്നിവയിലുള്ളവ തന്നെ വാങ്ങി വിതരണം ചെയ്യണമെന്ന് മാർഗ്ഗ രേഖ നിഷ്കർഷിക്കുന്നത്.
ആയതിനാൽ പദ്ധതി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി, ഫൈബർ കസേര വാങ്ങുന്നതിന് ചെലവഴിച്ച തുക 48840 ( 440x111) രൂപയുടെ ചെലവ്, സർക്കാർ സാധൂകരണത്തിനു

വിധേയമായി തടസ്സപ്പെടുത്തുന്നു.

# 3-5 ഒഴിവാക്കി

# 3-6 സ്പോർട്സ് കിറ്റ് വിതരണം -അപാകതകൾ

പദ്ധതി നമ്പർ :229/2017 സ്പോർട്സ് കിറ്റ് വിതരണം

അടങ്കൽ :50000

ചെലവ്: 50000/-

ബിൽ നമ്പർ :3/31-3-2017

നിർവ്വഹണം : ഹെഡ് മിസ്ട്രസ്സ്

പദ്ധതി പ്രകാരം കാൽസിയോ സ്പോർട്സ് ഗാലറി,കുമരനെല്ലൂർ എന്ന സ്ഥാപനത്തിൽ നിന്നും ക്യാഷ് ബിൽ നമ്പർ 60/തിയതിയില്ലാത്തത് പ്രകാരം താഴെ പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്

| ക്ര.നം | ഇനം | എണ്ണം | വില/ഒന്നിന് | ആകെ തുക | വിതരണം ചെയ്തത് | വിതരണം ചെയ്യാത്തത് | വിതരണം ചെയ്യാത്തവയുടെ വില |
|---|---|---|---|---|---|---|---|
| 1 | നിവിയ ഫുട്ബോൾ (വേഗ) | 13 | 650 | 8450 | 10 | 3 | 1950 |
| 2 | വോളിബോൾ -ആർമർ | 13 | 500 | 6500 | 10 | 3 | 1500 |
| 3 | വോളിബോൾ നെറ്റ് -ആർമർ | 13 | 800 | 10400 | 10 | 3 | 2400 |
| 4 | ഷട്ടിൽ ബാറ്റ് (യേനക്സ്303) | 26 | 450 | 11700 | 20 | 6 | 2700 |
| 5 | ഷട്ടിൽ നെറ്റ് (എസ്.എസ്.ആർമർ) | 13 | 350 | 4550 | 10 | 3 | 1050 |
| 6 | ഷട്ടിൽ കോക്ക് (കോസ്മോ 777) | 13 | 430 | 5590 | 10 | 3 | 1290 |
| 7 | ഫുട്ബോൾ നെറ്റ് (നിവിയ) | 1 | 2999 | 2999 | 1 | | - |
| | ആകെ | | | 50189 | | | 10890 |
| | നികുതി 5% | | | 2509 | | | 545 |
| | ആകെ മൊത്തം | | | 52698 | | | 11435 |

മേൽതുക 50000/-രൂപയായി നിജപ്പെടുത്തിയാണ് നൽകിയിട്ടുള്ളത്

13ക്ലബ്ബുകൾക്ക് നൽകാനാണ് വാങ്ങിയതെങ്കിലും പത്ത് ക്ലബ്ബുകൾക്ക് മാത്രമാണ് സ്പോർട്സ്

കിറ്റ് വിതരണം ചെയ്തിട്ടുള്ളത്. ബാക്കി വന്ന ഉപകരണങ്ങൾ വിതരണം ചെയ്യാത്തതിന് ഓഡിറ്റന്വേഷണം 5/11-9-2017 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടിയോ രേഖകളോ ലഭ്യമാക്കിയിട്ടില്ല.

b)പദ്ധതി മാർഗ്ഗരേഖ പ്രകാരം ആവശ്യകത വിലയിരുത്തി മാത്രം സാധനങ്ങൾ വാങ്ങണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും അക്കാര്യം പാലിച്ചിട്ടില്ല. വിതരണം ചെയ്യാത്ത സാധനങ്ങളുടെ വില 11435 രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 കുടിവെള്ളപദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഗുണഭോക്തൃസമിതികൾക്ക് കൈമാറാതെ പഞ്ചായത്ത് നേരിട്ട് പരിപാലിക്കുന്ന അമേറ്റിക്കര,കണ്ണാന്തളി എന്നീ രണ്ട് കുടിവെള്ളപദ്ധതികളുടെ അറ്റകുറ്റപണി, വൈദ്യുതി ചാർജ്, പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നിനങ്ങളിലായി 54157/- രൂപ ചെലവഴിച്ചിട്ടുണ്ട്. കുടിവെള്ള വിതരണം ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യചുമതലയല്ലാത്തതിനാലും, പരിപാലന ചുമതല ഗുണഭോക്തൃസമിതികൾക്ക് കൈമാറണമെന്ന സർക്കാർ നിർദ്ദേശങ്ങളുമനുസരിച്ച് മേൽ രണ്ട് കുടിവെള്ളപദ്ധതികളും അടിയന്തരമായി ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്/നം. | ചെലവ് | ബാക്കി |
|---|---|---|---|---|
| 2016-17 | 540000 (ജില്ലാ പഞ്ചായത്ത് വിഹിതം) | കർഷകർക്ക്ഉഴവുകൂലി-ജനറൽ(പ്രോജ.നം.189/17) | 540000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം ഈ ഇനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് .

ഒന്നുമില്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഒന്നുമില്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 500000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 500000 |
| പലിശ | 32643 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 532643 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, തിയതി |
|---|---|---|
| പി.ഡി.സി.ബാങ്ക്,പടിഞ്ഞാറങ്ങാടി | 532643 | Rt.no.025030203000/25-10-16 |

## 4-6 ഓഡിറ്റ് റിക്കവറി.

ഈയിനത്തിൽ തൻവർഷം ലഭിച്ച തുക 16580 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത്/ചലാൻ നം. തിയ്യതി |
|---|---|---|---|---|
| 2008-09 to2010-11 | 2-1 | 480 | പി.പി.പ്രമോദ്, ഓവർ സിയർ, MGNREGS | 11601102069/22-10-16 |
| ---do---- | 3-4 | 16100 | ജൂഡ് ജോസഫ്,എ.ഇ | 11601104145/17-2-17 |

| | | | | |
|---|---|---|---|---|
| | ആകെ | 16580 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഒന്നുമില്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 41104435 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 39029157 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 11231 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 98585 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |
| 3-2 | | 11231 | ശ്രീമതി.കെ.ആർ.പ്രവിദ, അസി.എഞ്ചിനീയർ |

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 38310 | ശ്രീ.പി.ഹരി, അസി.സെക്രട്ടറി |
| 3-4 | 48840 | ശ്രീ.പി.ഹരി, അസി.സെക്രട്ടറി |

| | | |
|---|---|---|
| 3-6 | 11435 | ശ്രീമതി ബീനാകുമാരി, ഹെഡ്മിസ്ട്രസ്. |
| ആകെ | 98585 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.കെ.ആർ.പ്രവിദ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത് | കൊട്ടേക്കാട് ഹൌസ്, കൂട്ടൂർ പി.ഒ, തൃശ്ശൂർ ജില്ല, പിൻ-680013 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | LFP6-18568/00/11-12-00 | മുഴുവൻ ഖണ്ഡികകളും |
| 1998-99 | LFP6-18568/00/11-12-00 | -do- |
| 1999-00 | LFP11-28/05/29-08-2005 | -do- |
| 2000-01 | LFP11-733/06/16-10-2006 | -do- |
| 2001-02 | LFP11-734/06/16-10-2006 | -do- |
| 2002-03 | LFP11-1617/08/2-1-2010 | -do- |
| 2003-04 | LFP11-1618/08/2-1-2010 | -do- |
| 2004-05 | LFP11-1619/08/2-1-2010 | -do- |
| 2005-06 | LFP20-1006/11/3011-11 | -do- |
| 2006-07 | LFP20-1007/11/3011-11 | -do- |
| 2007-08 | LFP20-1008/11/30-11-11 | -do- |
| 2008-09 | LFP20-75/13/22-3-13 | -do- |
| 2009-10 | LFP20-75/13/22-3-13 | -do- |
| 2010-11 | LF6-20/75/13/22-3-13 | -do- |
| 2011-12 | LFP20-1276/14/10-10-2014 | -do- |
| 2012-13 | LFP20/882/15/26-08-2015 | -do- |
| 2013-14& 2014-15 | KSA-PKD20/1103/2016 /31-07-2016 | -do- |
| 2015-16 | KSA-PKD20/90/2017/12-1-17 | -do- |

അവശേഷിക്കുന്ന റിപ്പോർട്ടികളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്.

# 1

## അനുബന്ധം

നമ്പർ കെഎസ്എ പികെഡി 20-1815/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട് .

തീയതി. 12.10.2017.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻസാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ന്യൂനതകളുടെ സംഗ്രഹം

1. കെട്ടിടനികുതി വിശദാംശങ്ങൾവാർഷികക്കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല
2. ആസ്തി രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല

ഡെപ്യൂട്ടി ഡയറക്ടർ

No.KSA PKD20-1815/2017

Kerala State Audit Department,
District Audit Office, Palakkad.
Dated : 12.10.2017.

## Audit Certificate

Certified that I have examined the Annual Financial Statement of KAPPOOR GRAMA PANCHAYATH for the year ended 31.03.16 in Palakkad District in accordance with section 4 of the Kerala Local Fund Audit Act 1994 , Section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the guidelines issued by the Comptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of KAPPOOR GRAMA PANCHAYATH prepared in accordance with Section Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2015 -2016 properly presents the picture of income, expenditure and closing balance except for the defects pointed in this certificate.

Deputy Director.

Abstract of defects

1. The details of accounts of building tax as per demand register is not reconcilled with the annual financila statement submitted for audit.
2. The value of movable and immovable assets during the period prior to conversion to accrual system not added to the value of assets as per the current balance sheet.

Deputy Director.